**FY-450**

Reg. No. : ....................................

Name : ..........................................

## FIRST YEAR HIGHER SECONDARY EXAMINATION, MARCH – 2024

Part – III

# ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1 മുതൽ 7 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വിതം. (7 × 1 = 7)

1. ഇടപാട് നടന്നതിനുള്ള തെളിവായി ഉപയോഗിക്കുന്ന പ്രമാണമാണ് ______ .
   (a) ഇൻവെന്ററി (b) ഡെബിറ്റർ
   (c) സർക്കുലർ (d) വൗച്ചർ

2. ______ തത്വത്തിനെ കരുതലോടെ നീങ്ങുക എന്ന് പറയുന്നു.
   (a) ബിസിനസ് അസ്തിത്വ (b) പൊരുത്തപ്പെടുത്തൽ
   (c) മുൻകരുതൽ (d) സ്ഥിരത

3. ബാങ്ക് പൊരുത്തപ്പെടൽ പട്ടിക തയ്യാറാക്കുന്നത് ബാങ്കിന്റെ.
   (a) ബാങ്കർ (b) നിക്ഷേപകൻ
   (c) അക്കൗണ്ടന്റ് (d) ക്യാഷ്യർ

4. അക്കൗണ്ടിന്റെ തെറ്റായ ബാലൻസിംഗ് എന്നത് ______ ആണ്.
   (a) നിർവ്വഹണ തെറ്റുകൾ (b) ഉപേക്ഷാ തെറ്റുകൾ
   (c) താത്വികതെറ്റുകൾ (d) പൂരീകൃതതെറ്റുകൾ

5. നിർദ്ദിഷ്ട ഉദ്ദേശ്യത്തിനല്ലാതെ, അറ്റാദായത്തിൽ നിന്ന് മാറ്റിവെക്കുന്ന താണ് ______ കരുതൽ ധനം
   (a) മൂലധന (b) വരുമാന
   (c) രഹസ്യ (d) പൊതു

6. സ്ഥിര ആസ്തികളുടെ പരിപാലനത്തിന് വരുന്ന ചെലവുകളാണ് ______.
   (a) മൂലധന ചെലവ് (b) വരുമാനച്ചെലവ്
   (c) മാറ്റിവെക്കപ്പെട്ട വരുമാന ച്ചെലവ് (d) പൊതു ചെലവ്

7. ട്രയൽ ബാലൻസിന് ഉള്ളിൽ തന്നിട്ടുള്ള ക്ലോസിംഗ് സ്റ്റോക്ക് ______ ൽ കാണിക്കുന്നു.

(a) ട്രേഡിംഗ് അക്കൗണ്ട് (b) ബാലൻസ് ഷീറ്റ്

(c) പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട് (d) (a) യും (b) യും

**8 മുതൽ 12 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

8. പട്ടിക പൂർത്തിയാക്കുക :

| സൂചന : ആസ്തികൾ | കൂടുന്നു | ഡെബിറ്റ് |
|---|---|---|
| (a) ക്യാപിറ്റൽ | ? | ക്രെഡിറ്റ് |
| (b) ചെലവുകൾ | കുറയുന്നു | ? |
| (c) വരുമാനം | ? | ക്രെഡിറ്റ് |
| (d) ബാധ്യതകൾ | കുറയുന്നു | ? |

9. പാലക്കാട് സ്ഥിതിചെയ്യുന്ന അരുൺ ലിമിറ്റഡ്ന്റെ തന്നിട്ടുള്ള ഇടപാടിന് വേണ്ട ജേണൽ എൻട്രി നല്കുക.

എസ്.ജി.എസ്.ടി – 9%, സി.ജി.എസ്.ടി.– 9%.

കണ്ണൂരിൽ നിന്നും ₹ 90,000 രൂപയുടെ മെഷിനറി പണം കൊടുത്ത് വാങ്ങി.

10. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക.

11. തന്നിട്ടുള്ള വിവരങ്ങളിൽ നിന്ന് മൂല്യക്ഷയം കണക്കാക്കുക :

| | |
|---|---|
| മെഷിനറിയുടെ വില | 36,000 രൂപ |
| സ്ഥാപിക്കാനുള്ള ചെലവ് | 10,000 രൂപ |
| കൊണ്ട് വരാൻ വന്ന ചെലവ് | 6,000 രൂപ |
| ആക്രി വില | 4,000 രൂപ |
| പ്രതീക്ഷിത ആയുസ് | 8 വർഷം |

12. മൂലധന ചെലവും വരുമാന ചെലവും തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ എഴുതുക..

**13 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5 × 3 = 15)**

13. അക്കൗണ്ടിംഗ് വിവരങ്ങളുടെ ഏതെങ്കിലും മൂന്ന് ഗുണാത്മക സവിശേഷതകൾ വിവരിക്കുക.

14. ചുരുക്കി വിവരിക്കുക.

    (a) സ്ഥാപന തുടർച്ചാ തത്വം

    (b) ഇരുഘടക തത്വം

    (c) പൊരുത്തപ്പെടുത്തൽ തത്വം

15. പർച്ചേസ് ഡേ ബുക്ക് തയ്യാറാക്കുക. ആർദ്ര ട്രേഡേഴ്സിൽ നിന്നുള്ള വാങ്ങൽ

10-4-2022 : 50 കിലോഗ്രാം അരി, കിലോഗ്രാമിന് 40 രൂപ വീതം

: 30 കിലോഗ്രാം പഞ്ചസാര, കിലോഗ്രാമിന് 25 രൂപ വീതം

കച്ചവട കിഴിവ് 6%.

അഖില ട്രേഡേഴ്സിൽ നിന്ന് വാങ്ങിയത്

17-4-2022 : 10 ടീ ബാഗ് , ബാഗിന്പ് 120 രൂപ വീതം

: 20 പാക്കറ്റ് ബിസ്കറ്റ് പാക്കറ്റിന് 150 രൂപ വീതം.

16. പാസ്ബുക്ക് ബാലൻസും ക്യാഷ് ബുക്ക് ബാലൻസും തമ്മിൽ വ്യത്യാസം ഉണ്ടാവാനുള്ള മൂന്ന് കാരണങ്ങൾ എഴുതുക.

17. ഓപണിങ് സ്റ്റോക്

| | |
|---|---|
| ഓപണിങ് സ്റ്റോക് | 12,000 രൂപ |
| നെറ്റ് പർച്ചേസ് | 1,30,000 രൂപ |
| നെറ്റ് സെയിൽസ് | 2,45,000 രൂപ |
| ഡയറക്ട് എക് സ്പെൻസ് | 28,000 രൂപ |
| അഡ് മിനിസ്ട്രേഷൻ എക്സ്പെൻസ് | 27,000 രൂപ |
| സെല്ലിംഗ് ആന്റ് ഡിസ് ട്രിബ്യൂഷൻ എക്സ്പെൻസ് | 33,000 രൂപ |
| ക്ലോസിംഗ് സ്റ്റോക് | 35,000 രൂപ |

(i) കോസ്റ്റ് ഓഫ് ഗുഡ്സ് സോൾഡ്

(ii) ഗ്രോസ് പ്രോഫിറ്റ്

(iii) ഓപറേറ്റിംങ് പ്രോഫിറ്റ്

കണക്കാക്കുക.

18. ഡെബ്റ്റേഴ്സ് 38,000 രൂപ, കിട്ടാകടം എഴുതിത്തള്ളിയത് 2,500 രൂപ, സംശയാസ്പദ കടത്തിന് വേണ്ടിയുള്ള നീക്കിയിരിപ്പ് 3,000 രൂപ. 31-12-2021 ന് ഉള്ള ബാലൻസുകളാണ് തന്നിട്ടുള്ളത്.

31-12-2021 ന്റ് ഫൈനൽ അക്കൗണ്ട് തയ്യാറാക്കുമ്പോൾ, വീണ്ടും കിട്ടാക്കടം 1,500 ശ്രദ്ധയിൽ പെട്ടു, ഡെബ്റ്റേഴ്സിന് മേൽ 5% നീക്കിയിരിപ്പ് സൃഷ്ടിക്കാൻ തീരുമാനിച്ചു.

ഇവയെങ്ങനെ ഫൈനൽ അക്കൗണ്ടിൽ വരും എന്ന് കാണിക്കുക.

**19 മുതൽ 24 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

19. ചുരുക്കി വിവരിക്കുക.

(a) മൂലധനം

(b) ചെലവുകൾ

(c) തൻപറ്റ്

(d) ഹ്രസ്വകാല ആസ്തികൾ

20. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | പരിശോധിക്കാവുന്ന തെളിവ് | : (a) | ഇരു ഘടകം |
| (ii) | പ്രസക്തി | : (b) | സ്ഥിര ആസ്തികൾ ഒറിജിനൽ കോസ്റ്റിൽ രേഖപ്പെടുത്തുകയും വ്യവസ്ഥാപിത വിധത്തിൽ മൂല്യക്ഷയം സംഭവിക്കുന്നതും. |
| (iii) | സ്ഥാപന തുടർച്ച | : (c) | നിസ്സാരമായ വിശദാംശങ്ങൾ ഒഴിവാക്കുക. |
| (iv) | അക്കൗണ്ടിംഗ് സമവാക്യം | : (d) | വൗച്ചർ |

21. താഴെ തന്നിട്ടുള്ള ഇടപാടുകൾക്കുള്ള അക്കൗണ്ടിംഗ് സമവാക്യങ്ങൾ എഴുതുക :

| | | ₹ |
|---|---|---|
| (a) | ബിസിനസ് ആരംഭിച്ചു | 50,000 |
| (b) | മെഷിനറി വാങ്ങി | 30,000 |
| (c) | സാധനങ്ങൾ കടത്തിന് വാങ്ങി | 12,000 |
| (d) | 6,000 രൂപ വിലയുള്ള സാധനങ്ങൾ പണത്തിന് വിറ്റു. | 8,000 |

22. ബാങ്ക് പൊരുത്തപ്പെടൽ പട്ടിക തയ്യാറാക്കുക. 31-3-2019 തിയ്യതി പ്രകാരം :

| | | രൂപ |
|---|---|---|
| (i) | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 3,700 |
| (ii) | നല്കിയ ചെക്ക് സമർപ്പിക്കാത്തവ | 1,800 |
| (iii) | നിക്ഷേപിച്ച ചെക്ക് പിരിച്ചെടുക്കാത്തത് | 2,200 |
| (iv) | ബാങ്ക് ചാർജ്ജ് ബാങ്ക് ഡെബിറ്റ് ചെയ്തത് | 250 |

23. ആവശ്യമായ തിരുത്തൽ എൻട്രികൾ എഴുതുക.

(i) അനിലിന്റെ പക്കൽ നിന്നും കിട്ടിയ 4,000 രൂപ അഖിലിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(ii) പർചേസ് ബുക്കിന്റെ ആകെ തുക കണ്ടതിൽ 2,000 രൂപ കുറഞ്ഞ് പോയി.

(iii) 3,000 രൂപക്ക് മെഷിനറി നന്നാക്കിയത് മെഷിനറി അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(iv) 5,000 രൂപയുടെ ഫർണിച്ചർ വാങ്ങിയത് പർച്ചേസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

24. 1-1-2018 ന് എ.ബി. ലിമിറ്റഡ് 4,00,000 രൂപയുടെ പ്ലാന്റ് വാങ്ങുകയും 50,000 രൂപ അതിന്റെ സ്ഥാപിക്കലിന് ചെലവാക്കുകയും ചെയ്തു. നീക്കിയിരിപ്പ് മൂല്യ രീതി പ്രകാരം 10% മൂല്യക്ഷയം കണക്കാക്കാൻ തീരുമാനിച്ചു.

4 വർഷത്തേക്കുള്ള പ്ലാന്റ് അക്കൗണ്ട് തയ്യാറാക്കുക.

**25 മുതൽ 26 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. 8 സ്കോർ.** **(1 × 8 = 8)**

25. ഇരട്ടക്കോളം ക്യാഷ് ബുക്ക് തയ്യാറാക്കുക.

| 2021 ജനുവരി | | ₹ |
|---|---|---|
| 1 | ബാലൻസ്: ക്യാഷ് | 4,000 |
| | ബാങ്ക് | 5,000 |
| 3 | വിൽപന | 20,000 |
| 5 | നൗഷാദിന്റെ പക്കൽ നിന്നും ചെക്ക് കിട്ടുകയും ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു | 6,000 |
| 6 | ഒരു കസ്റ്റമർ ആയിട്ടുള്ള ഷൈൻ നേരിട്ട് ബാങ്കിലേക്ക് നിക്ഷേപിച്ചു. | 3,000 |
| 10 | പണം ബാങ്കിൽ നിക്ഷേപിച്ചു | 4,000 |
| 14 | പർച്ചേസസ് | 4,500 |
| 16 | ബാങ്കിൽ നിന്ന് പണം പിൻവലിച്ചു. | 5,000 |
| 18 | വ്യക്തിപരമായ ആവശ്യത്തിന് വേണ്ടി പണം പിൻവലിച്ചു | 3,000 |
| 25 | കമ്മീഷൻ കിട്ടി | 1,000 |
| 31 | വാടക ചെക്ക് വഴി നല്കി | 1,500 |
| | ശമ്പളം കൊടുത്തു | 6,000 |

26. 31-12-2020 ലെ തന്നിട്ടുള്ള ട്രയൽ ബാലൻസിൽ നിന്ന് ഫൈനൽ അക്കൗണ്ട് തയ്യാറാക്കുക.

| ഇനങ്ങൾ | ഡെബിറ്റ് (₹) | ക്രെഡിറ്റ് (₹) |
|---|---|---|
| സ്റ്റോക് (01-01-2020) | 14,000 | |
| പർച്ചേസ് | 90,000 | |
| സെയിൽസ് | | 2,00,000 |
| കൂലി | 19,000 | |
| ശമ്പളം | 22,000 | |
| ക്യാരേജ് ഇൻവേഡ് | 8,000 | |
| ക്യാരേജ് ഔട്ട്‌വേഡ് | 5,000 | |
| മെഷിനറി | 35,000 | |
| ഡെബ്റ്റേഴ്സ് | 26,000 | |
| ബാഡ് ഡെബ്റ്റ് | 3,000 | |
| പരസ്യം | 30,000 | |
| ക്യാപിറ്റൽ | | 60,000 |
| ക്രെഡിറ്റേഴ്സ് | | 10,000 |
| ഫർണിച്ചർ | 18,000 | |
| | **2,70,000** | **2,70,000** |

**അധിക വിവരങ്ങൾ :**

(1) ക്ലോസിംഗ് സ്റ്റോക് 5,000 രൂപ

(2) ബാഡ് ഡെബ്റ്റ് 1,200 രൂപ

(3) പരസ്യത്തിന്റെ മൂന്നിൽ രണ്ട് ഭാഗം അടുത്ത വർഷത്തേക്ക് നീക്കി വെച്ചു.

(4) മൂല്യക്ഷയം : മെഷിനറി – 10%, ഫർണിച്ചർ – 5%.

(5) മൂലധന പലിശ 6%.